## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1249 — 10.08.2017 ൽ മറുപടിയ്ക്ക്

# വില്ലേജ് ഓഫീസുകളുടെ ഡിജിറ്റൈസേഷൻ

**ചോദ്യം**

ശ്രീ.സി.ദിവാകരൻ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ്
മന്ത്രി

(എ) സംസ്ഥാനത്തെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ ഡിജിറ്റലൈസ് ചെയ്തു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ഭൂമിയുമായി ബന്ധപ്പെട്ട വില്ലേജ് റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ബി.റ്റി.ആർ ഡിജിറ്റൈസേഷൻ, റ്റി.പി.ആർ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ ഇതിനകം 1243 എണ്ണത്തിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| നം | ജില്ല | ഡിജിറ്റൈസ് ചെയ്ത വില്ലേജുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 100 |
| 2 | കൊല്ലം | 87 |
| 3 | പത്തനംതിട്ട | 56 |
| 4 | ആലപ്പുഴ | 62 |
| 5 | കോട്ടയം | 100 |
| 6 | ഇടുക്കി | 27 |
| 7 | എറണാകുളം | 73 |
| 8 | തൃശ്ശൂർ | 215 |
| 9 | പാലക്കാട് | 88 |
| 10 | മലപ്പുറം | 138 |
| 11 | കോഴിക്കോട് | 108 |
| 12 | വയനാട് | 49 |
| 13 | കണ്ണൂർ | 114 |

| | | |
|---|---|---|
| 14 | കാസർഗോഡ് | 26 |
| ആകെ | | 1243 |

**(ബി)** സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളും ഡിജിറ്റലൈസ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഡിജിറ്റലൈസേഷൻ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**(ബി)** സംസ്ഥാനത്തെ ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ (BTR), തണ്ടപ്പേർ രജിസ്റ്ററുകൾ(TPR) എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1243 എണ്ണത്തിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 450 എണ്ണത്തിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഇതിനോടകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട് . പ്രസ്തുത വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് , ഇ പെയ് മെന്റ് എന്നിവ നടപ്പിലാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഭൂനികുതി രജിസ്റ്ററുകൾ, തണ്ടപ്പേർ രജിസ്റ്ററുകൾ എന്നീ അടിസ്ഥാന ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ